

'അമൃതി'ന്റെ സംഭരണ കേന്ദ്രത്തിൽ പച്ചമരുന്ന് ഉണക്കാനിടുന്നു

# സംരംഭകർക്കു താങ്ങായി 'അമൃത്'

ഔഷധസസ്യകൃഷി, സംസ്കരണ, സംഭരണ സംരംഭങ്ങൾക്കു സഹായവുമായി ഉൽപാദക കമ്പനി.

പച്ചമരുന്നുകളുടെ സംഭരണം, കൃഷി, സംസ്കരണം, മരുന്നു നിർമ്മാണം, വിപണനം തുടങ്ങിയ രംഗങ്ങളിൽ സംരംഭകർക്കു സമഗ്രപിന്തുണയുമായി അമൃത്.

പ്രകൃതിയിൽ നിന്നു പച്ചമരുന്നുകൾ ശേഖരിക്കുന്ന പരമ്പരാഗത തൊഴിൽ ചെയ്യുന്നവരുടെയും ഔഷധസസ്യ കർഷകരുടെയും കൂട്ടായ്മകളുണ്ടാക്കി അവർക്കു സാമ്പത്തിക, സാങ്കേതിക സഹായം നൽകുകയും അവരിൽ നിന്ന് ഉൽപന്നങ്ങൾ വാങ്ങി ആയുർവേദ, യുനാനി, സിദ്ധ മേഖലയിലെ വൻകിട ഔഷധ നിർമ്മാണ ശാലകൾക്ക് എത്തിച്ചു കൊടുക്കുകയുമാണ് അമൃത് എന്ന സന്നദ്ധ സേവന സംഘടന ചെയ്യുന്നത്. കൃഷിയിലും സംസ്കരണത്തിലും മരുന്നു സംഭരണത്തിലും ശാസ്ത്രീയ പരിശീലനം നൽകുകയും ചെയ്യും.

ചെറുകിട ഉൽപാദകരെ സ്വയംസഹായ സംഘങ്ങളായി സംഘടിപ്പിക്കുകയും അവർക്കു ചെറുകിട വായ്പകൾ നൽകുകയും അവരുടെ ഉൽപന്നങ്ങൾക്കു വിപണി കണ്ടെത്തിക്കൊടുക്കുകയും ചെയ്യുന്ന ഇസാഫ് സ്വാശ്രയ പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡിന്റെ ഒരു വിഭാഗമായാണ് അമൃതിന്റെ പ്രവർത്തനം. തൃശൂരിലെ മണ്ണുത്തിയിലാണ് ഇസാഫിന്റെ ആസ്ഥാനം.

പരമ്പരാഗത രീതിയിൽ പച്ചമരുന്നു ശേഖരിച്ചുവരുന്നവരിൽ നിന്നും കർഷകരിൽ നിന്നും കർഷക സംഘങ്ങളിൽ നിന്നും ഔഷധസസ്യങ്ങൾ വാങ്ങാൻ വിവിധ ജില്ലകളിലായി പത്ത് സംഭരണ കേന്ദ്രങ്ങൾ തുറന്നിട്ടുണ്ടെന്ന് ഇസാഫ് മാനേജിങ് ഡയറക്ടർ കെ. പോൾ തോമസ് അറിയിച്ചു. തളിപ്പറമ്പ്, പാനൂർ, ചെറുവാഞ്ചേരി, വടകര, നിലമ്പൂർ, കൊങ്ങാട്, തച്ചമ്പാറ, കൊഴിഞ്ഞാമ്പാറ, മുതലമട, നെന്മാറ, കൊല്ലങ്കോട്, കൊടുവായൂർ, വടക്കാഞ്ചേരി, മണ്ണുത്തി, വരന്തരപ്പള്ളി, എരുമപ്പെട്ടി, കാലടി, മറയൂർ എന്നിവിടങ്ങളിലാണ് ഈ സംഭരണ കേന്ദ്രങ്ങൾ. ഇവിടെ ശേഖരിക്കുന്ന പച്ചമരുന്നുകൾ അർധസംസ്കരണം നടത്താനായി പാലക്കാട്, ഒരു സംസ്കരണശാല സ്ഥാപിക്കും. മരുന്നു നിർമ്മാതാക്കൾക്ക് ആവശ്യമുള്ള രൂപ, ഭാവങ്ങളിൽ മരുന്നുചെടികൾ ഇവിടെ സംസ്കരിച്ചു വിപണിയിലെത്തിക്കാനാണ്



കെ. പോൾ തോമസ്

പച്ചമരുന്നുകൾ സംസ്കരിച്ചു സൂക്ഷിക്കുന്നു



ഔഷധസസ്യ നഴ്സറി





*രാമച്ചത്തൊപ്പിയും മറ്റ് ഉൽപന്നങ്ങളും*

ഉദ്ദേശിക്കുന്നതെന്ന് കാർഷിക വിഭാഗം മാനേജർ ബഞ്ചമിൻ ജോസഫ് അറിയിച്ചു. ഔഷധി, വൈദ്യരത്നം, എസ്എൻഎ തുടങ്ങിയ ഔഷധശാലകൾക്ക് അമൃത് ഇപ്പോൾ പച്ചമരുന്നുകൾ നൽകിവരുന്നു.

ആടലോടകം, കൊടുവേലി, ഇരുവേലി, ഓരില, മൂവില, കാട്ടുപടവലം എന്നിവയ്ക്കു വിപണിയിൽ നല്ല ഡിമാൻറുണ്ടെന്നും ഇവയെല്ലാം വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാവുന്ന ഇനങ്ങളാണെന്നും മണ്ണുത്തിയിലെ സംഭരണ കേന്ദ്രത്തിൽ ഗുണനിയന്ത്രണച്ചുമതല വഹിക്കുന്ന വി.എം. ജോൺ പറയുന്നു. ഈ കേന്ദ്രത്തിൽ കുറുന്തോട്ടി മാത്രം ഇക്കൊല്ലം 110ടണ്ണോളം സംഭരിച്ചതായി ജോൺ അറിയിച്ചു.

സ്വാശ്രയ സംഘങ്ങൾക്ക് ഔഷധസസ്യ നഴ്സറി, നാട്ടുചികിത്സയ്ക്കുള്ള മരുന്നു നിർമ്മാണം തുടങ്ങിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങാനും അവസരമൊരുക്കുമെന്നു ബഞ്ചമിൻ ജോസഫ് അറിയിച്ചു. കർഷകർക്കു ഗുണമേന്മയുള്ള ഔഷധസസ്യത്തൈകൾ നൽകുന്നതിന്. മണ്ണുത്തിക്കടുത്തു പട്ടിക്കാട്ട് ഹെർബൽ ഗാർഡൻ പ്രവർത്തിച്ചുവരുന്നു. ഇവിടേക്ക് തൈകൾ തയാറാക്കി നൽകുന്ന ഉപഗ്രഹ നഴ്സറികളാവും സ്വാശ്രയ സംഘങ്ങൾക്കു കീഴിൽ തുടങ്ങുക. ഇത്തരം ആറു നഴ്സറികൾ പ്രവർത്തിച്ചുതുടങ്ങി. അതേപോലെ, ലളിതമായ മാർഗങ്ങളിലൂടെ നിർമ്മിക്കാവുന്നതും പ്രാദേശികമായി വിൽക്കാവുന്നതുമായ മരുന്നുകളുണ്ടാക്കാനും സ്വാശ്രയസംഘാംഗങ്ങൾക്കു പരിശീലനം നൽകും.

പച്ചമരുന്നുൽപാദകരായ സംഘങ്ങൾക്കും വ്യക്തികൾക്കും പത്തു രൂപ മുഖവിലയുള്ള ഓഹരികളെടുത്ത് ഇസാഫ് സ്വാശ്രയ പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നടത്തിപ്പിൽ പങ്കാളികളാകാനുള്ള അവസരവുമുണ്ട്.

*കൂടുതൽ വിവരങ്ങൾക്ക്:*
*ബഞ്ചമിൻ ജോസഫ്, മാനേജർ,*
*അമൃത്, ഹെബ്സിബ കോംപ്ലക്സ്,*
*മണ്ണുത്തി, തൃശൂർ.*
*ഫോൺ: 9349701476*

# ടോണിയുടെ മരുന്നുമരങ്ങൾ

ഇരുമ്പകച്ചോല പാലയ്ക്കത്തറപ്പിൽ ടോണിക്കു പ്രിയം മരുന്നുമരങ്ങളോടാണ്. പത്തേക്കറോളം വരുന്ന ബഹുവിളക്കൃഷിയിടത്തിൽ എഴുനൂറോളം കുമിഴ്, നാനൂറിൽപരം ചപ്പങ്ങം, പിന്നെ ദന്തപ്പാലയും. കമുകു തോട്ടത്തിൽ അഞ്ഞൂറോളം കുടംപുളിയും വച്ചുപിടിപ്പിച്ചിരിക്കുന്നു. രോഗബാധയും വിലക്കുറവും മൂലം ആകർഷകമല്ലാതായ കമുക് ക്രമേണ ഒഴിവാക്കി ഇതൊരു മികച്ച കുടംപുളിത്തോട്ടമാക്കാനാണ് ടോണിയെന്ന ജെയിംസ് പി. മാത്യുവിൻെറ ഉദ്ദേശ്യം.

കൃഷിയിലും കാർഷികോൽപന്ന സംസ്കരണത്തിലും ഏറെ പരീക്ഷണങ്ങൾ നടത്തിവരുന്ന ടോണിയുടെ കുടംപുളിത്തോട്ടത്തിനുമുണ്ട് പരീക്ഷണത്തിൻെറ കഥ പറയാൻ. എല്ലവരും കുടംപുളിയുടെ ഗ്രാഫ്റ്റുതൈ നടുന്ന ഇക്കാലത്ത് ടോണിയുടെ തോട്ടത്തിൽ ഒരൊറ്റ ഗ്രാഫ്റ്റു പോലുമില്ല. നഴ്സറികളിൽ കയറിയിറങ്ങി പെൺമരങ്ങളുടെ തൈകൾ നോക്കി വാങ്ങുകയായിരുന്നത്രേ. തൻെറ ഭാര്യയ്ക്കു പെൺചെടികളെ തിരിച്ചറിയാനുള്ള കഴിവുണ്ടെന്നും ടോണി അവകാശപ്പെടുന്നു.



*ജെയിംസ് പി. മാത്യു ഔഷധവൃക്ഷത്തോട്ടത്തിൽ*